# ദൈവരാജ്യം

റോമർ 14:17

"ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ."

എല്ലാ സുഖസൗകര്യങ്ങളിലും നിറഞ്ഞ് ജീവിക്കുന്ന ഒരു വ്യക്തി ദൈവ രാജ്യത്തിലാണ് എന്നല്ല, മറിച്ച് ക്രിസ്തുവിന്റെ സമാധാനം ഹൃദയത്തിലുള്ള ഒരു വ്യക്തിയാണ് ദൈവരാജ്യത്തിൽ വസിക്കുന്നത്. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ, ദൈവരാജ്യം ഒരു ശിശുവിനെപ്പോലെ കൈക്കൊള്ളണമെന്ന് വ്യക്തമാക്കുന്നതായി കാണാം.

മത്തായിയുടെ ലേഖനത്തിൽ ദൈവരാജ്യത്തെ കടുകുമണിയോട് സാദൃശ്യ പ്പെടുത്തിയിരിക്കുന്നു. കടുക് ഏറ്റവും ചെറുതാണെങ്കിലും അത് വളർന്ന് ഏറ്റവും വലിയ സസ്യമായിത്തീരുന്നുവല്ലോ. അപ്രകാരം തന്നെ ദൈവരാജ്യം നാം അനുഭവിക്കുന്നുവെ ങ്കിൽ മറ്റെന്തിനെക്കാളും അത് വിലപ്പെട്ടതാണെന്ന സത്യം നാം മറന്നുപോകരുത്. 'മണ്ണേ പ്രതി മാണിക്യം വെടിയുകയില്ലാ ഞാൻ' എന്ന് പാട്ടുകാരൻ പാടിയതുപോലെ ഒന്നിനുവേണ്ടിയും ദൈവരാജ്യത്തെ നാം കൈവിട്ടുകളയരുത്.

ഇനി എപ്രകാരമുള്ളവരാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എന്ന് നമുക്ക് നോക്കാം. യോഹന്നാൻ 3:5 'വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവ രാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയുകയില്ല.' ഇവിടെ ദൈവവചനത്താലും, പരിശുദ്ധാത്മാവിലുള്ള വീണ്ടും ജനനത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാം.

ആകയാൽ ദൈവമക്കളാകുന്ന നാം, ഇളകാത്തതും, ഒരുനാളും നശിക്കാത്തതുമായ ദൈവരാജ്യത്തിൽ നിത്യവും വസിക്കുവാൻ പരിശുദ്ധാത്മാവാകുന്ന ദൈവത്തിൽ ആശ്രയിച്ചും, ബലപ്പെട്ടും ആയിരിപ്പാൻ ഇടയാവട്ടെ. ഈ ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ അറിയുവാൻ ഭാഗ്യം ലഭിച്ചതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

മർക്കൊസ് 1:15

കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കുവിൻ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 065